കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/132/2025-SEC(2) തീയതി: 15-12-2025

**സർക്കുലർ**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2025 - പൊതുതിരഞ്ഞെടുപ്പിനു ശേഷം പുതിയതായി രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, മേയർ, ഡെപ്യൂട്ടി മേയർ എന്നിവരുടെ തിരഞ്ഞെടുപ്പ്- മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:-
1. കമ്മീഷന്റെ 28.10.2025-ലെ 49/2025/സം.തി.ക നമ്പർ വിജ്ഞാപനം.
2. കമ്മീഷന്റെ 28.10.2025-ലെ 50/2025/സം.തി.ക നമ്പർ വിജ്ഞാപനം.
3. കമ്മീഷന്റെ 15.12.2025-ലെ ബി2/132/2025-സം.തി.ക നമ്പർ സർക്കുലർ.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് **2025 ഡിസംബർ 09, 11** തീയതികളിൽ നടന്ന പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് ഡിസംബർ മാസം 21-ാം തീയതി പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ/കൗൺസിലർമാരുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദീകരിച്ച് സൂചന -3 പ്രകാരം കമ്മീഷൻ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 12-ാം വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരം ഒരു പഞ്ചായത്ത്/ മുനിസിപ്പൽ കൗൺസിൽ/ മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്ത് കഴിഞ്ഞാൽ അതിന്റെ പ്രസിഡന്റിനേയും, വൈസ് പ്രസിഡന്റിനേയും/ ചെയർപേഴ്സണേയും, ഡെപ്യൂട്ടി ചെയർപേഴ്സണേയും/മേയറേയും, ഡെപ്യൂട്ടി മേയറേയും തിരഞ്ഞെടുക്കുന്നതിനായി ആ പഞ്ചായത്തിലെ/മുനിസിപ്പൽ കൗൺസിലിലെ /മുനിസിപ്പൽ കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ/കൗൺസിലർമാരുടെ ഒരു യോഗം, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലേയ്ക്ക് സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യുന്ന ഉദ്യോഗസ്ഥൻ വിളിച്ച് ചേർക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അദ്ധ്യക്ഷൻ/ ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പുകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും 1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം നടത്തേണ്ടത്.

2025 ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം ഇപ്രകാരം 21.12.2025 ന് പ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്ത പഞ്ചായത്ത് / മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷനുകളിലെ അദ്ധ്യക്ഷൻമാരെയും ഉപാദ്ധ്യക്ഷൻമാരെയും തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## I. തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള വരണാധികാരികൾ

1. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടത്തുന്നതിന് വരണാധികാരിയായി അതാത് പഞ്ചായത്തുകളിലെ വരണാധികാരികളെ ചുമതലപ്പെടുത്തി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന (1) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.
2. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെയാണ് മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പ് നടത്തുന്നതിന് വരണാധികാരികളായി സൂചന (2) പ്രകാരം കമ്മീഷൻ ചുമതലപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്.
3. മുനിസിപ്പൽ കൗൺസിലിനെ സംബന്ധിച്ച് ചെയർപേഴ്സൺ(ചെയർമാൻ), ഡെപ്യൂട്ടി ചെയർപേഴ്സൺ(വൈസ്ചെയർമാൻ) തിരഞ്ഞെടുപ്പ് നടത്തുന്നതിന് വരണാധികാരികളായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സൂചന (2) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള അദ്ധ്യക്ഷൻമാരുടേയും ഉപാദ്ധ്യക്ഷൻമാരുടേയും തിരഞ്ഞെടുപ്പിന് ഉപവരണാധികാരിയായി ആരെയും കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടില്ലാത്തതും അത്തരം സംവിധാനം ഇല്ലാത്തതുമാണ്.

## II.അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് നടത്തേണ്ട തീയതിയും സമയവും

1. മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലെ ചെയർപേഴ്സൺ / മേയർ എന്നിവരുടെ തിരഞ്ഞെടുപ്പ് **2025 ഡിസംബർ 26-ാം തീയതി (വെള്ളി) രാവിലെ 10.30 മണിക്കും** ഡെപ്യൂട്ടി ചെയർപേഴ്സൺ, ഡെപ്യൂട്ടി മേയർ എന്നിവരുടെ **തിരഞ്ഞെടുപ്പ് അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 02.30 മണിക്കും** അതത് വരണാധികാരികൾ നടത്തേണ്ടതാണ്.
2. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് **2025 ഡിസംബർ 27-ാം തീയതി (ശനി) രാവിലെ 10.30 മണിക്കും** വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് **അന്നേ ദിവസം ഉച്ചയ്ക്ക്ശേഷം 02.30 മണിക്കും** നടത്തേണ്ടതാണ്.

## III.നോട്ടീസ് നൽകൽ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള അദ്ധ്യക്ഷൻമാരുടേയും ഉപാദ്ധ്യക്ഷൻമാരുടേയും

തിരഞ്ഞെടുപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ള വരണാധികാരികൾ ഇതിലേയ്ക്ക് യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിച്ച് നിശ്ചിത മാതൃകയിലുള്ള **(മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ അനുബന്ധം-1, പഞ്ചായത്തിന്റെ കാര്യത്തിൽ അനുബന്ധം-2)** നോട്ടീസ്, അംഗങ്ങൾ/ കൗൺസിലർമാർ പ്രതിജ്ഞ എടുത്തതിനുശേഷം നടക്കുന്ന ആദ്യ യോഗത്തിൽ വച്ചുതന്നെ അംഗങ്ങൾക്ക്/കൗൺസിലർമാർക്ക് രേഖാമൂലം നൽകേണ്ടതാണ്. അത്തരം നോട്ടീസിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

2. പൊതുതിരഞ്ഞെടുപ്പിന് ശേഷം ആദ്യമായി നടത്തുന്ന മേൽപ്പറഞ്ഞ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരുടെ തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ യോഗം നടത്തുന്ന തീയതി, ദിവസം, സമയം, സ്ഥലം എന്നിവ അറിയിക്കുന്ന നോട്ടീസ് കുറഞ്ഞത് **3 പൂർണ ദിവസങ്ങൾക്ക് മുമ്പ്** നൽകേണ്ടതാണ്. പൂർണ്ണ ദിവസങ്ങൾ കണക്കാക്കുമ്പോൾ ഞായറാഴ്ചയും അവധി ദിവസങ്ങളും ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗം ചേരുന്ന തീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്. (എന്നാൽ ഒരു ആകസ്മിക അദ്ധ്യക്ഷ ഉപാദ്ധ്യക്ഷ ഒഴിവിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തേണ്ട നോട്ടീസ് കാലാവധി ഏഴ് പൂർണ്ണ ദിവസങ്ങൾ ആയിരിക്കുന്നതാണ്. )

**<u>IV.യോഗം ചേരൽ</u>**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പിനുള്ള യോഗം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസിൽ വച്ച് വേണം നടത്തേണ്ടത്.
2. യോഗം നിശ്ചയിച്ചിട്ടുള്ള പ്രകാരം കൃത്യസമയത്ത് തന്നെ ആരംഭിക്കേണ്ടതാണ്.
3. ഹാജരാകുന്ന ഓരോ അംഗവും/കൗൺസിലറും യോഗത്തിനെത്തിയ സമയം വരണാധികാരിയുടെ കൈവശമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി ഒപ്പ് വയ്ക്കേണ്ടതാണ്.
4. തിരഞ്ഞെടുപ്പ് നിശ്ചയിച്ച തീയതി ആകസ്മിക അവധിയായി സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ പ്രഖ്യാപിക്കുകയാണെങ്കിലോ മനുഷ്യ നിയന്ത്രണത്തിനതീതമായ കാരണത്താൽ അന്നു യോഗം നടത്തുവാൻ കഴിയാതെ വരികയാണെങ്കിലോ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും അതേ സ്ഥലത്തും വച്ച് നടത്തേണ്ടതാണ്. ഇക്കാര്യം അംഗങ്ങൾക്ക് നൽകുന്ന യോഗ നോട്ടീസിൽ വ്യക്തമായി കാണിക്കണം.
5. യോഗം ആരംഭിച്ചാലുടൻ തന്നെ യോഗം വിളിച്ചു കൂട്ടിയതിന്റെ ഉദ്ദേശ്യം വരണാധികാരി അറിയിക്കണം.
6. തിരഞ്ഞെടുപ്പ് യോഗം വരണാധികാരിയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ളതായിരിക്കണം. അതിലേക്ക് അംഗങ്ങളല്ലാത്ത മറ്റാരെയും പ്രവേശിപ്പിക്കേണ്ട ആവശ്യമില്ലാത്തതാണ്.
7. സുരക്ഷ ആവശ്യമുള്ള പക്ഷം ആവശ്യമായ പോലീസ് വിന്യാസം യോഗഹാളിനുപുറത്തും

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിസരത്തും ഏർപ്പെടുത്തേണ്ടതും, അപ്രകാരം തിരഞ്ഞെടുപ്പ് കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും വരണാധികാരി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

**V.ക്വാറം**

1. തദ്ദേശസ്ഥാപനത്തിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ /കൗൺസിലർമാരുടെ എണ്ണത്തിന്റെ പകുതിയായിരിക്കും യോഗത്തിന്റെ ക്വാറം.
2. മേൽപ്പറഞ്ഞ തീയതിയിൽ കൂടുന്ന യോഗത്തിൽ വോട്ടവകാശമുള്ള അംഗങ്ങളുടെ പകുതിയെങ്കിലും എണ്ണം അംഗങ്ങൾ ഹാജരില്ലായെങ്കിൽ, യോഗം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും കൂടുന്നതിനായി മാറ്റി വക്കേണ്ടതും അപ്രകാരം കൂടുന്ന യോഗത്തിൽ ക്വാറം നോക്കാതെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. ഈ വിവരം യോഗനോട്ടീസിൽ കാണിച്ചിരിക്കണം.

**VI.നാമനിർദ്ദേശവും തിരഞ്ഞെടുപ്പ് രീതിയും**

1. 1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 6, 7, 8, 9 ചട്ടങ്ങൾ/ 1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 7, 8, 9,10 ചട്ടങ്ങൾ കൗൺസിലർമാരെ/അംഗങ്ങളെ വായിച്ചു കേൾപ്പിക്കണം.
2. അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ സ്ഥാനത്തേക്ക് മത്സരത്തിനുള്ള സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുവാൻ അംഗങ്ങളെ/ കൗൺസിലർമാരെ ക്ഷണിക്കണം.
3. ഒരു അംഗത്തെ/കൗൺസിലറെ മറ്റൊരു അംഗം/കൗൺസിലർ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യേണ്ടതും വേറൊരു അംഗം/ കൗൺസിലർ പിന്താങ്ങേണ്ടതുമാണ് .
4. സ്ത്രീകൾക്കോ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കോ, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷന്റെ സ്ഥാനം സംവരണം ചെയ്തിട്ടുണ്ടെങ്കിൽ ഒരംഗത്തെ മറ്റൊരംഗം സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യണമെന്നോ മറ്റൊരംഗം പിന്താങ്ങണമെന്നോ നിർബന്ധമില്ല.
5. നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ ഹാജരില്ലെങ്കിൽ സ്ഥാനാർത്ഥിയാകുവാൻ സമ്മതിച്ചുകൊണ്ടുള്ള നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം ഹാജരാക്കേണ്ടതാണ്.
6. ഒരു അംഗം/ ഒരു കൗൺസിലർ ഒന്നിലധികം പേരുകൾ നിർദ്ദേശിക്കുവാനോ പിന്താങ്ങുവാനോ പാടില്ല.
7. യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ പേരുകളും അവരെ യഥാക്രമം നിർദ്ദേശിച്ചവരുടെയും പിന്താങ്ങിയവരുടെയും പേരുകളും യോഗത്തിൽ വരണാധികാരി വായിച്ചു കേൾപ്പിക്കണം.

8. ഒന്നിലധികം സ്ഥാനാർത്ഥികളുണ്ടെങ്കിൽ വോട്ടെടുപ്പ് നടത്തേണ്ടതാണ്.
9. അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരുടെ തിരഞ്ഞെടുപ്പ് ഓപ്പൺ ബാലറ്റ് മുഖാന്തിരം ആയിരിക്കേണ്ടതാണ്.
10. വോട്ട് ചെയ്യുവാനാഗ്രഹിക്കുന്ന അംഗങ്ങൾക്ക്/കൗൺസിലർമാർക്ക് ഓരോരുത്തർക്കായി ഒന്നാം നമ്പർ ഫാറത്തിലുള്ള ബാലറ്റ് പേപ്പർ നൽകേണ്ടതാണ്.
11. ബാലറ്റ് പേപ്പറിൽ എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകളും അതിന്റെ മറുപുറത്ത് വരണാധികാരിയുടെ പൂർണ്ണമായ ഒപ്പും മുദ്രയും ഉണ്ടായിരിക്കേണ്ടതുമാണ്.
12. വോട്ട് രേഖപ്പെടുത്തുന്ന അംഗം ബാലറ്റ് പേപ്പറിന്റെ പുറക് വശത്ത് അദ്ദേഹത്തിന്റെ പേരും ഒപ്പും രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഏതെങ്കിലും സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥി ഒരാൾ മാത്രമേയുള്ളൂവെങ്കിൽ വോട്ടെടുപ്പ് നടത്താതെ തന്നെ ആ സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്. ബാലറ്റ് പേപ്പറിന്റെ മാതൃക **അനുബന്ധം-3** ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
13. സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്ത അംഗങ്ങൾക്ക്/കൗൺസിലർമാർക്ക് യോഗനടപടികളിൽ പങ്കെടുക്കുവാനോ വോട്ടു ചെയ്യുവാനോ അവകാശമില്ലാത്തതാണ്.
14. അംഗങ്ങൾക്ക്/കൗൺസിലർമാർക്ക് വോട്ട് രേഖപ്പെടുത്തുവാൻ റിട്ടേണിംഗ് ഓഫീസർക്ക് സമീപം സൗകര്യം ഏർപ്പെടുത്തേണ്ടതും വോട്ട് ചെയ്ത ശേഷം ബാലറ്റ് പേപ്പർ റിട്ടേണിംഗ് ഓഫീസറുടെ സമീപത്ത് ഇതിലേക്കായി ക്രമീകരിച്ചിരിക്കുന്ന ബോക്സിലോ ട്രേയിലോ നിക്ഷേപിക്കുന്നതിന് നിർദ്ദേശിക്കേണ്ടതുമാണ്.
15. ഓരോ അംഗവും/കൗൺസിലറും ബാലറ്റ് പേപ്പർ കിട്ടിയാലുടൻ തന്നെ, ബാലറ്റ് പേപ്പറിൽ അയാൾ വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിന് നേരെ X എന്ന അടയാളം ഇടേണ്ടതും ബാലറ്റ് പേപ്പറിന്റെ പുറകു വശത്ത് അയാളുടെ പേരും ഒപ്പും എഴുതി വരണാധികാരിയെ ഏൽപ്പിക്കേണ്ടതുമാണ്. (ഇപ്രകാരമാണ് വോട്ട് ചെയ്യേണ്ടതെന്ന് വരണാധികാരി അംഗങ്ങളെ മുൻകൂട്ടി ധരിപ്പിക്കേണ്ടതാണ്.)
16. (എ). **മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ട് മാത്രമേ ഉള്ളൂ എങ്കിൽ കൂടുതൽ സാധുവായ വോട്ടുകൾ നേടിയ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും രണ്ട് സ്ഥാനാർത്ഥികൾക്കും സാധുവായ വോട്ടുകൾ തുല്യമായി വരുന്ന സന്ദർഭത്തിൽ, യോഗത്തിൽ വച്ച് നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ നറുക്കെടുക്കപ്പെടുന്നത് ആ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതുമാണ്.**

    (ബി). മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ടിലധികം ഉണ്ടായിരിക്കുന്ന സംഗതിയിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയിട്ടുള്ള മൊത്തം വോട്ടിനെക്കാൾ കൂടുതൽ വോട്ടുകൾ ലഭിക്കുന്നപക്ഷം ആ സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്.

(സി) മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ടിലധികം ഉണ്ടായിരിക്കുന്ന സംഗതിയിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയിട്ടുള്ള മൊത്തം വോട്ടിനെക്കാൾ കൂടുതൽ വോട്ടുകൾ കിട്ടാതിരിക്കുകയും ചെയ്യുന്നപക്ഷം, ഏറ്റവും കുറച്ച് എണ്ണം വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കികൊണ്ട് അടുത്തഘട്ട വോട്ടെടുപ്പ് നടത്തേണ്ടതും അങ്ങനെ ഒരു സ്ഥാനാർത്ഥിക്ക് ശേഷിക്കുന്ന സ്ഥാനാർത്ഥിയെക്കാളോ അല്ലെങ്കിൽ ശേഷിക്കുന്ന സ്ഥാനാർത്ഥികളുടെ മൊത്തം വോട്ടിനെക്കാളോ, അതതു സംഗതിപോലെ കൂടുതൽ സാധുവായ വോട്ടുകൾ ലഭിക്കുന്നതുവരെ, ഓരോ വോട്ടെടുപ്പിലും ഏറ്റവും കുറച്ച് വോട്ടുകൾ കിട്ടുന്ന സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കികൊണ്ട് വോട്ടെടുപ്പ് തുടരേണ്ടതും അങ്ങനെ കൂടുതൽ വോട്ട് ലഭിക്കുന്ന സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതുമാണ്.

(ഡി) . **ഒരു വോട്ടെടുപ്പിൽ രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് തുല്യ എണ്ണം വോട്ടുകൾ ലഭിക്കുകയും അതിൽ ഒരാളെ ഒഴിവാക്കേണ്ടിയും വരുമ്പോൾ വരണാധികാരി നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ നറുക്കെടുക്കപ്പെടുന്നത് ആ ആളിനെ ഒഴിവാക്കേണ്ടതുമാണ്.**

(ഇ) ഇപ്രകാരം ഒന്നിലധികം ഘട്ടങ്ങളിലായി വോട്ടെടുപ്പ് നടത്തേണ്ടി വരുമ്പോൾ ഓരോ ഘട്ടത്തിലും വ്യത്യസ്ത നിറത്തിലുള്ള ബാലറ്റുപേപ്പർ ഉപയോഗിക്കേണ്ടതും അവയിൽ ഏത് ഘട്ടത്തിലേതാണെന്ന് രേഖപ്പെടുത്തേണ്ടതുമാണ്.

17. അദ്ധ്യക്ഷ, ഉപാദ്ധ്യക്ഷൻമാരുടെ സ്ഥാനത്തുണ്ടാകുന്ന ഏതൊരു ആകസ്മിക ഒഴിവും നികത്തുന്നതിനുള്ള തിരഞ്ഞെടുപ്പ് ഇതേ തിരഞ്ഞെടുപ്പ് രീതിയിൽ തന്നെ നടത്തേണ്ടതാണ്.

## VII.അദ്ധ്യക്ഷ, ഉപാദ്ധ്യക്ഷ സ്ഥാനങ്ങളിലെ സംവരണം

1. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, മേയർ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിൽ ഏതെങ്കിലും സംവരണം ചെയ്തിട്ടുള്ള സംഗതിയിൽ അതാത് വിഭാഗത്തിലുള്ള അംഗങ്ങളാണ് തിരഞ്ഞെടുക്കപ്പെടുന്നതെന്ന് വരണാധികാരി ഉറപ്പാക്കേണ്ടതാണ്.
2. പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ചെയർപേഴ്സന്റെ/പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ ഒരു കൗൺസിലർ/അംഗം അതത് സംഗതി പോലെ പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വ്യക്തിയല്ല എങ്കിൽ താൻ പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ അംഗമാണെന്ന് രേഖപ്പെടുത്തിക്കൊണ്ട് അധികാരിതയുള്ള ഉദ്യോഗസ്ഥൻ നൽകിയ ജാതി സർട്ടിഫിക്കറ്റ് വരണാധികാരി മുമ്പാകെ ഹാജരാക്കാത്ത

പക്ഷം ചെയർപേഴ്സൺ/പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**VIII. ഫലപ്രഖ്യാപനം**

1. വോട്ടെടുപ്പ് പൂർത്തിയായതിന് ശേഷം വരണാധികാരി അംഗങ്ങളുടെ/കൗൺസിലർമാരുടെ സാന്നിദ്ധ്യത്തിൽ വോട്ടുകൾ എണ്ണേണ്ടതും ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.
2. തിരഞ്ഞെടുപ്പ് ഫലം വരണാധികാരി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷ, ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പിന്റെ സാധുത സംബന്ധിച്ച് തർക്കം ഉണ്ടാകുന്നതായാൽ ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏതൊരു അംഗത്തിനും പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന അധികാരികതയുള്ള കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്യാവുന്നതാണ്.

**IX. രേഖകളുടെ സൂക്ഷിപ്പ്**

1. ഓരോ ഘട്ടത്തിലും എണ്ണപ്പെട്ടതും അല്ലെങ്കിൽ തള്ളിക്കളഞ്ഞതും ആയ ബാലറ്റ് പേപ്പറുകൾ വരണാധികാരി പ്രത്യേകം പായ്ക്കറ്റുകളിലാക്കി മുദ്രവയ്ക്കേണ്ടതും, ഓരോ പായ്ക്കറ്റിലും അതിൽ എത്ര എണ്ണം ബാലറ്റ് പേപ്പറുകൾ ഉൾക്കൊള്ളുന്നു എന്നും ഏതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണ് എന്നും രേഖപ്പെടുത്തേണ്ടതുമാണ്.
2. ഇപ്രകാരം മുദ്ര വയ്ക്കുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്ത പായ്ക്കറ്റുകൾ വരണാധികാരി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതും, അദ്ദേഹം അത് ഭദ്രമായി സൂക്ഷിക്കേണ്ടതുമാണ്.
3. തിരഞ്ഞെടുപ്പിന്റെ സാധുത സംബന്ധിച്ച് തർക്കം തീർപ്പാക്കാൻ അധികാരപ്പെട്ട കോടതിയുടേയോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെയോ ഉത്തരവിൻ പ്രകാരമല്ലാതെ, അത്തരം പായ്ക്കറ്റുകൾ തുറക്കുകയോ, അതിന്റെ ഉള്ളടക്കം പരിശോധിക്കുകയോ അവ ഹാജരാക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.
4. അധികാരപ്പെട്ട കോടതിയുടേയോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെയോ മറ്റ് വിധത്തിലുള്ള ഒരു ഉത്തരവ് ഇല്ലാത്തപക്ഷം ഒരു വർഷക്കാലയളവിനുശേഷം സെക്രട്ടറി പ്രസ്തുത പായ്ക്കറ്റുകൾ നശിപ്പിക്കേണ്ടതാണ്.

**X. തിരഞ്ഞെടുപ്പ് ഫലം റിപ്പോർട്ട് ചെയ്യൽ**

1. പ്രസിഡന്റായി/ചെയർപേഴ്സണായി, വൈസ് പ്രസിഡന്റായി/ഡെപ്യൂട്ടി ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ട അംഗത്തിന്റെ/കൗൺസിലറുടെ വാർഡും/നിയോജകമണ്ഡലവും (നമ്പർ ഉൾപ്പെടെ) പൂർണ്ണ മേൽവിലാസവും കക്ഷിബന്ധവും വ്യക്തമായി മലയാളത്തിൽ

രേഖപ്പെടുത്തി രണ്ട് കോപ്പി തിരഞ്ഞെടുപ്പ് ദിവസം തന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ലഭ്യമാക്കേണ്ടതാണ്. **(പ്രൊഫോർമ അനുബന്ധം-4)** ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ക്രോഡീകരിച്ച ലിസ്റ്റ് സഹിതം അവയുടെ ഒരു കോപ്പി തൊട്ടടുത്ത ദിവസം തന്നെ കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

**XI.സത്യപ്രതിജ്ഞ**

1. തിരഞ്ഞെടുപ്പ് സ്വതന്ത്രമായും നീതി പൂർവ്വകമായും നിശ്ചിത സമയത്ത് നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്. ക്രമസമാധാന നില സംബന്ധിച്ച് ആശങ്കയുള്ള പക്ഷം പോലീസ് സംരക്ഷണമുൾപ്പെടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിക്കണം.
2. മേൽപ്പറഞ്ഞ പ്രകാരം തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് കഴിഞ്ഞാൽ മേയർ / ചെയർപേഴ്സൺ / പ്രസിഡന്റ് എന്നിവർ ബന്ധപ്പെട്ട വരണാധികാരികൾക്ക് മുമ്പാകെയും ഡെപ്യൂട്ടി മേയർ, മേയർ മുമ്പാകെയും ഡെപ്യൂട്ടി ചെയർപേഴ്സൺ, ചെയർപേഴ്സൺ മുമ്പാകെയും വൈസ് പ്രസിഡന്റ്, പ്രസിഡന്റ് മുമ്പാകെയും സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതാണ്. ഇതിലേയ്ക്ക് ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെ 2-ാം നമ്പർ ഫാറത്തിലുള്ള ഒരു രജിസ്റ്ററിൽ ഒപ്പ് വച്ച് രേഖപ്പെടുത്തേണ്ടതുമാണ്. രജിസ്റ്റർ, ഫാറം എന്നിവയുടെ മാതൃക **അനുബന്ധം (5), (6)** ആയി ചേർത്തിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളപക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 153, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 12, കമ്മീഷൻ 2025 ൽ പുറത്തിറക്കിയ കൈപ്പുസ്തകങ്ങൾ, 1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും, വൈസ്പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റേയും, വൈസ് ചെയർപേഴ്സന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ എന്നിവ റഫർ ചെയ്യേണ്ടതാണ്.

Signed by
Prakash B S
Date: 15-12-2025 16:13:35

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)

പകർപ്പ്:-

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ഉപവരണാധികാരികൾക്കും

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

എല്ലാ ജില്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

കമ്മീഷണറുടെ പി.എസ്

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റാന്റിംഗ് കൗൺസിൽ

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

ഐ.ടി സെൽ

**അനുബന്ധം 1**

1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 4 (4) ചട്ട പ്രകാരം നൽകുന്ന ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ് നോട്ടീസ്.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 12 (1) വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് **2025 ഡിസംബർ മാസം 26-ാം (വെള്ളി) തീയതി** ................................ *നഗരസഭ ചെയർമാൻ/വൈസ് ചെയർമാൻ/.......................... മുനിസിപ്പൽ കോർപ്പറേഷൻ *മേയർ/ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് യോഗം ചേരുവാനുള്ള തീയതിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു.

*അതിനാൽ ...................................................... നഗരസഭ ചെയർപേഴ്സൺ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **2025 ഡിസംബർ മാസം 26-ാം (വെള്ളി) തീയതി രാവിലെ 10.30** മണിക്കും ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **അന്നേ ദിവസം ഉച്ചയ്ക്കുശേഷം 02.30 മണിക്കും** ........................... ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

*അതിനാൽ ..........................................മുനിസിപ്പൽ കോർപ്പറേഷൻ മേയർ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **2025 ഡിസംബർ മാസം 26-ാം (വെള്ളി) തീയതി രാവിലെ 10.30 മണിക്കും** ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **അന്നേദിവസം ഉച്ചയ്ക്ക് ശേഷം 02.30 മണിക്കും** ........................... ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

മേൽപ്പറഞ്ഞ തീയതിയിൽ കൂടുന്ന യോഗം ക്വാറം തികയാത്തതിനാലോ ആകസ്മിക അവധിയായി സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ പ്രഖ്യാപിക്കുകയാണെങ്കിലോ, മനുഷ്യ നിയന്ത്രണത്തിനതീതമായ കാരണത്താൽ അന്നു നടത്തുവാൻ കഴിയാതെ വരികെയാണെങ്കിലോ, പ്രസ്തുത യോഗം തൊട്ടടുത്ത ദിവസം അതേ സ്ഥലത്തും അതേ സമയത്തും വച്ച് കൂടുന്നതായിരിക്കും.

സ്ഥലം: വരണാധികാരി

തീയതി: മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ

---

*ബാധകമല്ലാത്തത് വെട്ടിക്കളയുക

## അനുബന്ധം 2

1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 5 (3) ചട്ടപ്രകാരം നൽകുന്ന പ്രസിഡന്റ് / വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നോട്ടീസ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 153-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് **2025 ഡിസംബർ മാസം 27-ാം (ശനി)** തീയതി ..............................................................* ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / വൈസ് പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് യോഗം ചേരുവാനുള്ള തീയതിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു.

അതിനാൽ...............................................*ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **2025 ഡിസംബർ മാസം 27-ാം (ശനി) തീയതി രാവിലെ 10.30 മണിക്കും** വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 02.30 മണിക്കും** ............................................ ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

മേൽപ്പറഞ്ഞ തീയതിയിൽ കൂടുന്ന യോഗം ക്വാറം തികയാത്തതിനാലോ ആകസ്മിക അവധിയായി സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ പ്രഖ്യാപിക്കുകയാണെങ്കിലോ, മനുഷ്യ നിയന്ത്രണത്തിനതീതമായ കാരണത്താൽ അന്നു നടത്തുവാൻ കഴിയാതെ വരികെയാണെങ്കിലോ, പ്രസ്തുത യോഗം തൊട്ടടുത്ത ദിവസം അതേ സ്ഥലത്തും അതേ സമയത്തും വച്ച് കൂടുന്നതായിരിക്കും.

സ്ഥലം: വരണാധികാരി

തീയതി: ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്

---

*ബാധകമല്ലാത്തത് വെട്ടിക്കളയുക

**അനുബന്ധം-3**

ഫാറം 1

ബാലറ്റ് പേപ്പർ മാതൃക

| ക്രമ നമ്പർ | സ്ഥാനാർത്ഥിയുടെ പേര് | വോട്ടടയാളം |
|---|---|---|
| | | |
| | | |
| | | |
| | | |

അനുബന്ധം - 4

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ / ഡെപ്യൂട്ടി മേയർ, ചെയർപേഴ്സൺ / ഡെപ്യൂട്ടി ചെയർപേഴ്സൺ, പ്രസിഡന്റ് / വൈസ് പ്രസിഡന്റ് * സ്ഥാനത്തേയ്ക്ക് നടന്ന തിരഞ്ഞെടുപ്പ് ഫലം

1. ജില്ലയുടെ പേര് :
2. തിരഞ്ഞെടുപ്പ് നടന്ന തീയതി :
3. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നമ്പരും പേരും :
4. തിരഞ്ഞെടുക്കപ്പെടുന്ന അംഗത്തിന്റെ പേരും പൂർണ്ണമായ മേൽവിലാസവും :
5. പ്രസ്തുത അംഗം പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും :
6. കക്ഷിബന്ധം :
7. സത്യപ്രതിജ്ഞ ചെയ്ത തീയതി :

സ്ഥലം :
തീയതി :

ഒപ്പ്
വരണാധികാരിയുടെ പേരും
ഓഫീസ് മേൽവിലാസവും

ഓഫീസ് സീൽ

* ബാധകമല്ലാത്തത് വെട്ടിക്കളയുക

**അനുബന്ധം 5**

**ഫാറം 2**

[4 (2) എന്ന ചട്ടം നോക്കുക]

..................................................................................................*ടൗൺ പഞ്ചായത്തിലെ/മുനിസിപ്പൽ കൗൺസിലിലെ/മുനിസിപ്പൽ കോർപ്പറേഷനിലെ ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴ്സൺ/മേയർ/ഡെപ്യൂട്ടി മേയർ എന്നിവരുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ രജിസ്റ്റർ.

| പേര് | വാർഡിന്റെ പേരും നമ്പരും | തപാൽ മേൽവിലാസം | പ്രതിജ്ഞയെടുക്കുന്ന സ്ഥലം, തീയതി, സമയം എന്നിവ |
|---|---|---|---|
| (1) | (2) | (3) | (4) |

**സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ**

..................................................................................................*ടൗൺ പഞ്ചായത്തിലെ/മുനിസിപ്പൽ കൗൺസിലിലെ/മുനിസിപ്പൽ കോർപ്പറേഷനിലെ ചെയർപേഴ്സണായി/ഡെപ്യൂട്ടി ചെയർപേഴ്സണായി/മേയറായി/ഡെപ്യൂട്ടി മേയറായി /തിരഞ്ഞെടുക്കപ്പെട്ട .................................................................................... എന്ന ഞാൻ നിയമാനുസരണം നടപ്പാക്കിയ ഇന്ത്യൻ ഭരണഘടനയോട് യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും, ഭയാശങ്കയോ, മമതയോ, വാത്സല്യമോ, വിദ്വേഷമോ കൂടാതെ ഞാൻ എന്റെ ഔദ്യോഗിക കർത്തവ്യങ്ങൾ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവും അറിവും വിവേചന ശക്തിയും ഉപയോഗിച്ചുകൊണ്ടും നിർവ്വഹിക്കുമെന്ന് ഈശ്വരനാമത്തിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നു.

*ചെയർപേഴ്സന്റെ/ഡെപ്യൂട്ടി ചെയർപേഴ്സന്റെ/മേയറുടെ/ഡെപ്യൂട്ടി മേയറുടെ ഒപ്പ് .

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ/ചെയർപേഴ്സന്റെ/ മേയറുടെ പേരും ഒപ്പും.

*ബാധകമല്ലാത്തത് വെട്ടിക്കളയുക

**അനുബന്ധം 6**

**ഫാറം 2**

[4 (2) എന്ന ചട്ടം നോക്കുക]

........................................................................................................ *ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിലെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ രജിസ്റ്റർ.

| അംഗത്തിന്റെ പേര് | നിയോജകമണ്ഡലത്തിന്റെ പേരും നമ്പരും | തപാൽ മേൽവിലാസം | പ്രതിജ്ഞയെടുക്കുന്ന സ്ഥലം, തീയതി, സമയം എന്നിവ |
|---|---|---|---|
| (1) | (2) | (3) | (4) |
| | | | |

**സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ**

..................................................... *ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിലെ *പ്രസിഡന്റായി/വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ........................................................................... എന്ന ഞാൻ നിയമാനുസരണം നടപ്പാക്കിയ ഇന്ത്യൻ ഭരണഘടനയോട് #[യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും ഇന്ത്യയുടെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും], ഭയാശങ്ക കൂടാതെയും മമതയോ വിദ്വേഷമോ കൂടാതെയും ഞാൻ എന്റെ ഔദ്യോഗിക കൃത്യങ്ങൾ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവ് പ്രയോജനപ്പെടുത്തിയും നിർവ്വഹിക്കുമെന്ന് *ഈശ്വരനാമത്തിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നു.

* പ്രസിഡന്റിന്റെ/വൈസ് പ്രസിഡന്റിന്റെ ഒപ്പ്.

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ/പ്രസിഡന്റിന്റെ പേരും ഒപ്പും.

---

*ബാധകമല്ലാത്തത് വെട്ടിക്കളയുക